പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2594 | 09-05-2017-ലെ മറുപടിയ്ക്ക്

## കാർഷിക ഉൽപ്പന്നങ്ങളിൽനിന്നും ലഭിക്കുന്ന വാർഷിക വരുമാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളായ തെങ്ങ്, വാഴ, പച്ചക്കറികൾ, നെല്ല്, കുരുമുളക്, ഏലം, റബ്ബർ, തേയില, കാപ്പി, കപ്പ എന്നിവയിൽനിന്ന് ലഭിക്കുന്ന വാർഷിക വരുമാനം എത്രയാണ്; സംസ്ഥാനതലത്തിലും ജില്ല തിരിച്ചും ഓരോന്നിന്റേയും വിവരങ്ങൾ നൽകാമോ; | **(എ)** വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| **(ബി)** കർഷകർക്ക് നിശ്ചിത മാസവരുമാനം ലഭ്യമാക്കുന്നതിന് സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെങ്കിലും കേന്ദ്ര നിർദ്ദേശമുണ്ടോ;<br><br>**(സി)** കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച എല്ലാ കത്തുകളുടേയും കോപ്പികൾ ലഭ്യമാക്കാമോ; ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി കൃഷി വകുപ്പും കൃഷിവകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും വിളിച്ചുചേർത്ത മീറ്റിങ്ങുകളുടെ വിശദാംശങ്ങൾ | **(ബി) & (സി)** സംസ്ഥാനത്തെ തനത് ഉൽപന്നങ്ങൾ കേരള ബ്രാന്റായി ദേശീയ അന്തർദേശീയ വിപണിയിൽ എത്തിക്കുന്നതിനും നല്ല കൃഷിമുറകളിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ ഉൽപന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാന്റോടുകൂടി വിപണനം ചെയ്ത് ഇടനിലക്കാരെ ഒഴിവാക്കി മെച്ചപ്പെട്ട വില ലഭ്യമാക്കി കർഷകന് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. ഉൽപന്ന വൈവിധ്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കാർഷിക ഉൽപന്നത്തെ അടിസ്ഥാനപ്പെടുത്തി അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br><br>2022-ഓടു കൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഏഴിന പരിപാടി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് തൽപ്പരകക്ഷികളുമായും വിവിധ |

| | |
|---|---|
| വ്യക്തമാക്കാമോ? | സംസ്ഥാനങ്ങളുമായും വിദഗ്ധരുമായും ആശയവിനിമയം നടത്തിവരികയാണ്. ഇതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചതു പ്രകാരം കേന്ദ്രസർക്കാരിന്റെ കാർഷിക സ്ഥാപനതലവന്മാർ, KAU വി.സി., മറ്റു വിദഗ്ധർ എന്നിവരുടെ യോഗം കൃഷി മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നിരുന്നു.<br><br>കത്തുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>വിവിധ വകുപ്പുകളിൽ നിന്നുള്ള ആശയങ്ങൾ ഏകോപിപ്പിക്കുന്ന വേളയിൽ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**

| ക്രമ നം. | ജില്ല | നെല്ല് | തെങ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തിരുവനന്തപുരം | 1692 | 72 |
| 2 | കൊല്ലം | 1155 | 62 |
| 3 | പത്തനംതിട്ട | 2885 | 13 |
| 4 | ആലപ്പുഴ | 29842 | 2 |
| 5 | കോട്ടയം | 16799 | 20 |
| 6 | ഇടുക്കി | 712 | 10 |
| 7 | എറണാകുളം | 3537 | 2 |
| 8 | തൃശ്ശൂർ | 25742 | 5 |
| 9 | പാലക്കാട് | 71157 | 47 |
| 10 | മലപ്പുറം | 5719 | 9 |
| 11 | കോഴിക്കോട് | 873 | 8 |
| 12 | വയനാട് | 5370 | [illegible] |
| 13 | കണ്ണൂർ | 3180 | 57 |
| 14 | കാസർഗോഡ് | 2394 | 6 |
| | **സംസ്ഥാനം** | **171058** | **650** |